പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6145 — 7.7.2014 ൽ മറുപടിയ്ക്ക്

വി.വിജയകുമാറിന്റെ പരാതി

ചോദ്യം — മറുപടി

ശ്രീ.സി.മോയിൻ കുട്ടി — ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ ഉദ്യോഗസ്ഥനായിരുന്ന ശ്രീ.വി.വിജയകുമാറിന്റെ പരാതി സംബന്ധിച്ച 1808/ഡി2/13 നമ്പർ ഫയലിലെ പരാതിയിലെ ഐറ്റം നമ്പർ (4) ൽ പരാതിക്കാരൻ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ ശ്രീ.വി.വിജയകുമാർ നേരിൽ ഹാജരാക്കുന്ന തെളിവുകൾ കൂടി പരിശോധിച്ചുള്ള അന്വേഷണത്തിൽ ടിയാനെതിരെ പ്രതികാര നടപടികളും പീഡനവും ഉണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയാൽ വികലാംഗ സംരക്ഷണ നിയമമുൾപ്പെടെയുള്ള വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കുകയും, ടിയാനുണ്ടായ മാനഹാനിക്കും ദുരിതത്തിനും കഷ്ടനഷ്ടങ്ങൾക്കും പരിഹാരം ഉണ്ടാക്കിതരുന്നതിനും ദയവുണ്ടാകണം എന്നാണ് ഐറ്റം നമ്പർ (4) ൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ |
| (ബി) ഇതേക്കുറിച്ച് അന്വേഷിക്കാൻ ബഹു:മുഖ്യമന്ത്രി 18.11.2013 ൽ നൽകിയ ഉത്തരവു പ്രകാരമുള്ള അന്വേഷണത്തിന് ചുമതലപ്പെടുത്തിയത് ആരെയാണെന്ന് വെളിപ്പെടുത്തുമോ; അതുപ്രകാരമുള്ള അന്വേഷണം പൂർത്തിയായോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) 18.11.2013 ലെ ബഹു:മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം കുറ്റക്കാരനായ ഉദ്യോഗസ്ഥനെ കണ്ടെത്തി യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം മാനേജിംഗ് ഡയറക്ടർ, വികലാംഗക്ഷേമ കോർപ്പറേഷന് നൽകുകയും, കോർപ്പറേഷന്റെ 4.3.2014 ലെ 169-ാമത് ഡയറക്ടർ ബോർഡ് യോഗ തീരുമാനപ്രകാരം ഇതേക്കുറിച്ച് അന്വേഷണം നടത്തുന്നതിനായി സർവ്വശ്രീ.മുരളി.കെ, താരേക്കാട്, അഹമ്മദ് ഹാജി, കൊറ്റാമം വിമൽ കുമാർ എന്നീ ഡയറക്ടർ ബോർഡ് അംഗങ്ങൾ ഉൾപ്പെട്ട ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അന്വേഷണം പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ